23

# നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ നിങ്ങൾക്കു വിലയുണ്ട്

## മത്തായി 5:13, അടുത്ത നോട്ടം

ഉപ്പും വെളിച്ചവും ചിത്രീകരിക്കുവാൻ ഒരു മെഴുകുതിരിയും ഒരു പാക്കറ്റ് ഉപ്പും ഞാൻ നിങ്ങളുടെ മുൻപിൽ വെച്ചിരിക്കുന്നു എന്നു വിചാരിക്കുക. ഉപ്പും വെളിച്ചവും ഭൂമിയിലെ സാധാരണ രണ്ടു മൂലകങ്ങളാണ്. ലോകത്തിൽ എവിടെ പോയാലും, നിങ്ങൾക്ക് ഉപ്പും വെളിച്ചവും കാണാൻ സാധിക്കും.

അവ യേശുവിന്റെ കാലത്തും സാധാരണ ഉണ്ടായിരുന്നു. ഒരു കുട്ടി ആയിരുന്നപ്പോൾ, യേശു തന്റെ അമ്മ മാംസത്തിൽ ഉപ്പിടുന്നതും, വൈകുന്നേരങ്ങളിൽ അവൾ തന്റെ കൊച്ചു വിളക്കുകൾ കത്തിക്കുന്നതും അവൻ കണ്ടിരിക്കാം. എങ്ങനെയായാലും, അവ സാധാരണ വസ്തുക്കളായിരുന്നപ്പോൾ, ക്രിസ്ത്യാനികൾക്ക് അവരുടെ പ്രശംസകളിൽ ഏറ്റവും മഹത്തായത് നൽകുവാൻ യേശു ഉപ്പിനെയും വെളിച്ചത്തെയും ഉപയോഗിച്ചു – അവരുടെ ചില വലിയ വെല്ലുവിളികളെ ഉയർത്തികാണിക്കുവാനും അതു ഉപയോഗിച്ചു:

> നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പ് കാരമില്ലാതെ പോയാൽ, അതിന് എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തുകളഞ്ഞിട്ട് മനുഷ്യൻ ചവിട്ടുവാൻ അല്ലാതെ, മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല.
>
> നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല; വിളക്കു കത്തിച്ചു പറയിൻകീഴല്ല, തണ്ടിന്മേലത്രെ വയ്ക്കുന്നത്, അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു, നിങ്ങളുടെ വെളിച്ചം അവരുടെ മേൽ പ്രകാശിക്കട്ടെ (മത്തായി 5:13–16).

ആ വാക്കുകൾ ഗിരിപ്രഭാഷണത്തിലെ രണ്ടാമത്തെ മുഖ്യഭാഗമാണ്. ക്രിസ്തു മനോഗുണങ്ങളെ നൽകി കഴിഞ്ഞതേയുള്ളൂ, അതിൽ തന്റെ ശിഷ്യനാകുവാൻ ആവശ്യമുള്ള സ്വഭാവ രീതികളും വരച്ചുകാണിച്ചു. അടുത്തതായി, "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു"; "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു പറഞ്ഞപ്പോൾ, അവൻ പറഞ്ഞത്, ആ സ്വഭാവത്തിന്റെ *ഫലത്തെ* കുറിച്ചാണ്. ക്രിസ്തീയ സ്വാധീനത്തിന്റെ ശക്തി പ്രതിപാദിക്കുന്ന ബൈബിൾ വേദഭാഗത്തിൽ ഒരുപക്ഷെ ഏറ്റവും വലുതായിരിക്കാം ഇത്.

ഈ പാഠത്തെ ഞാൻ ചിലപ്പോൾ "നിങ്ങളെ ചെറുതാക്കാതിരിക്കുക"[1] എന്നു വിളിക്കാറുണ്ട്. നിങ്ങൾ പ്രാധാന്യമുള്ളവർ അല്ല എന്ന് ഒരുപക്ഷെ

ചിന്തിച്ചേക്കാം, എന്നാൽ ഒന്നു ഞാൻ പറയട്ടെ: ഉപ്പും വെളിച്ചവും മുൻപ് പ്രാധാന്യമുണ്ടായിരുന്നതുപോലെ ഇപ്പോഴും പ്രാധാന്യമുള്ള വസ്തുക്കളാണ്. ഉപ്പും വെളിച്ചവുമില്ലാതെ ജീവിക്കുന്നത് അസാധ്യമാണ്. ഭൗതിക ശരീരത്തിന്റെ പ്രവർത്തനത്തിന്[2] ഉപ്പ് ആവശ്യമാണ്, വെളിച്ചം കൂടാതെ ഭൗതിക ജീവിതത്തിന് നിലനിൽപില്ല. സൂര്യതാപം പെട്ടെന്ന് ഇല്ലാതാവുകയാണെങ്കിൽ, മണിക്കൂറുകൾക്കുള്ളിൽ നമ്മുടെ ഗ്രഹം ഐസുകൊണ്ടു മൂടും. ക്രിസ്ത്യാനികളായ നിങ്ങൾ ഉപ്പും വെളിച്ചവുമെന്നപോലെയാണ് എന്ന് യേശു പറഞ്ഞപ്പോൾ, നിങ്ങൾ ഏറ്റവും പ്രാധാന്യമുള്ളവരാണെന്നും – നിങ്ങളെ കൂടാതെ അവന്റെ ഉദ്ദേശങ്ങൾ നേടുവാൻ സാധ്യമല്ല എന്നുമാണ് അവൻ പറഞ്ഞത്.

നിങ്ങൾ അടക്കം, എല്ലാ വ്യക്തികൾക്കും സ്വാധീന ശക്തിയുണ്ട്. ഏറ്റവും ചെറിയ മുടി ഒരു നിഴൽ നൽകുന്നതുപോലെയും, ചെറിയ കല്ലിനു വെള്ളത്തിൽ ഓളമുണ്ടാക്കുവാൻ കഴിയുന്നതുപോലെ യുമാണ്, നിങ്ങൾക്കുള്ള സ്വാധീനവും – ആ സ്വാധീനം യേശുവിനുവേണ്ടി ഉപയോഗിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.

നിങ്ങൾ കർത്താവിനു എത്രമാത്രം പ്രാധാന്യമുള്ളവരാണ് എന്നറിയുവാൻ നമുക്ക് വേദപുസ്തകത്തിലേക്ക് നോക്കാം. ഈ പ്രസംഗത്തിൽ, നാം ചർച്ചചെയ്യുന്നത് ഭൂമിയുടെ ഉപ്പായി തീരുന്നതിനെ കുറിച്ചാണ്. അടുത്തതിൽ, ലോകത്തിന്റെ[3] വെളിച്ചമായി തീരുന്നതിനെ കുറിച്ച് നമുക്ക് സംസാരിക്കാം.

### ഒരു പ്രശംസ

“നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു,” എന്നു യേശു പറഞ്ഞപ്പോൾ, ആദ്യം, അവന്റെ വാക്കുകൾ, ഒരു പ്രശംസ ആയിരുന്നു. അവിടെനിന്നാണ് “അവൻ ഭൂമിയുടെ[4] ഉപ്പാകുന്നു” എന്ന പ്രയോഗം നമുക്കു ലഭിക്കുന്നത്.

യേശു ആ പ്രശംസ സംബോധന ചെയ്തത് യെഹൂദ മതാദ്ധ്യക്ഷന്മാരോടോ അല്ലെങ്കിൽ റോമൻ സെനറ്റുമാരോടോ അല്ലെങ്കിൽ അഥേനയിലെ തത്വജ്ഞാനികളോടോ ആയിരുന്നില്ല, മറിച്ച് അവന്റെ ശ്രോതാക്കളോടായിരുന്നു: അതായത് കൃഷിക്കാരും, മീൻപിടുത്തക്കാരും, വ്യാപാരികളും, അവരുടെ ഭാര്യമാരും മക്കളും. ലോകം “സാധാരണയാളുകൾ” എന്നു ലോകം പറഞ്ഞിരുന്നവരെ അവൻ പുകഴ്ത്തി.

“നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു” എന്ന പ്രസ്താവന ഭൂമിയെ കുറിച്ചു ചിലതു പറയുന്നു, പിന്നെ ക്രിസ്തുവിന്റെ അനുയായികളെ കുറിച്ചും ചിലതു പറയുന്നു. ആ വാക്കുകളുടെ പ്രാധാന്യത്തെ അനുമോദിക്കുവാൻ, ബൈബിൾ കാലത്ത് ഉപ്പിനെ എങ്ങനെ കണ്ടിരുന്നു എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്.

### ഉപ്പ് വിലയുള്ളതായിരുന്നു

യേശുവിന്റെ കാലത്ത് ഉപ്പിനു വിലയുണ്ടായിരുന്നു. എന്തെങ്കിലും കൈമാറ്റത്തിനോ അല്ലെങ്കിൽ ശമ്പളം കൊടുക്കുവാനോ അതു പലപ്പോഴും ഉപയോഗിച്ചിരുന്നു. അങ്ങനെയാണ് “അവൻ തന്റെ ഉപ്പിനു യോഗ്യനാണ്”[5] എന്ന പ്രയോഗം വന്നത്.

യേശു പറഞ്ഞു, “നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു” – ഉപ്പിന് വിലയുമുണ്ട്. അത് ഭൂമിയെ കുറിച്ച് എന്തു പറയുന്നു? അതു പറയുന്നത് ഭൂമിക്ക്

വാസ്തവത്തിൽ ഒരു വിലയുമില്ല എന്നാണ്. ക്രിസ്ത്യാനിയെ സംബന്ധിച്ച് അത് എന്തു പറയുന്നു? അതു പറയുന്നത് ക്രിസ്ത്യാനികൾക്ക് വിലയുണ്ട് എന്നാണ് – ഈ ലോകത്തിനുള്ള പ്രാധാന്യം ക്രിസ്ത്യാനികളുടെ സാന്നിധ്യം കൊണ്ടുമാത്രമാണ് ലഭിക്കുന്നത്.

നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, ദൈവദൃഷ്ടിയിൽ നിങ്ങൾ വിലയുള്ളവനാണ്. നിങ്ങളുടെ വില കുറച്ചുകളയരുത്.

**ഉപ്പ് രുചി വരുത്തി**

അക്കാലത്ത്, ഇന്നത്തെ പോലെ, ഉപ്പിന്റെ ഒരു ഉപയോഗം ആഹാരത്തിന് രുചി പകരുക എന്നതായിരുന്നു. ഇയ്യോബ് ചോദിച്ചു, "രുചി ഇല്ലാത്തത് ഉപ്പു കൂടാതെ തിന്നാമോ, മുട്ടയുടെ വെള്ളെക്കു രുചിയുണ്ടോ?" (ഇയ്യോബ് 6:6). പിന്നീട് ആ പിതാവ് ഉപ്പില്ലാത്ത ആഹാരത്തെ "അറെപ്പുള്ള ഭക്ഷണം" ആയി പറഞ്ഞിരിക്കുന്നു (വാ. 7).[6]

ഉപ്പിന്റെ വലിയ വിലയെ കുറിച്ചുള്ള ചിത്രീകരണമാണ് താഴെ കൊടുത്തിരിക്കുന്ന സംഭവം:

> തന്നെ എത്രത്തോളം സ്നേഹിക്കുന്നുണ്ടെന്ന് ഒരു രാജാവ് തന്റെ മൂന്നു പെൺമക്കളോടു ചോദിച്ചു. ലോകത്തിലെ സകല പൊന്നിനെക്കാളും വെള്ളിയെക്കാളും തങ്ങൾ അപ്പനെ സ്നേഹിക്കുന്നുവെന്ന് അവരിൽ രണ്ടു പേർ മറുപടി പറഞ്ഞു. എന്നാൽ ഏറ്റവും ഇളയമകൾ പറഞ്ഞത് ഉപ്പിനെക്കാൾ അധികം അവൾ അപ്പനെ സ്നേഹിക്കുന്നു എന്നാണ്. രാജാവിനു അവളുടെ മറുപടിയിൽ തൃപ്തി വന്നില്ല, അയാൾ ഉപ്പിനെ അത്ര സ്വീകാരൃമായ ഒന്നായി കരുതിയില്ല. എന്നാൽ അവളുടെ മറുപടി കേട്ട, പാചകക്കാരൻ, അടുത്ത പ്രഭാതത്തി [ലെ] പ്രാതൽ ഭക്ഷണത്തിന് ഒന്നിലും ഉപ്പിട്ടില്ല, അതിനാൽ രാജാവിനു ആഹാരം രുചിയോടെ കഴിക്കുവാൻ കഴിഞ്ഞില്ല. അപ്പോഴാണ് രാജാവിന് തന്റെ മകളുടെ അഭിപ്രായത്തിന്റെ വില മനസ്സിലായത്. അദ്ദേഹത്തെ കൂടാതെ അവൾക്ക് യാതൊന്നിനും ഒരു വിലയുമില്ല എന്ന അർത്ഥമാണ് അവളുടെ സ്നേഹത്തിൽ ഉൾക്കൊണ്ടിരുന്നത്.[7]

"ഉപ്പ്–ഇല്ലാത്ത" ആഹാരം കഴിക്കേണ്ടിവരുന്നവർ തങ്ങളുടെ ആഹാരത്തിന് ഉപ്പില്ലാതെ എങ്ങനെ രുചി വരുത്താമെന്ന പ്രതിസന്ധിയിലാണ്. ഉപ്പിന് പകരമായത് ചിലപ്പോൾ ഉപയോഗിക്കാം, എന്നാൽ അവ ഒന്നും "ഒരു നുള്ള് ഉപ്പ് ചേർക്കുന്നതിന്റെ" ഫലം നൽകുകയില്ല.

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" – ഉപ്പ് രുചി വരുത്തുകയും ചെയ്യുന്നു. അതു ഭൂമിയെ കുറിച്ചെന്തുപറയുന്നു? അതു പറയുന്നത് ഭൂമി രുചിയില്ലാതായിരിക്കുന്നു, ഭാവിയിൽ ഈ ലോകത്തിലുള്ളതെല്ലാം അവസാനം രുചിയില്ലാത്തതാകും[8] എന്നാണ്. ക്രിസ്ത്യാനിയായ നിങ്ങളെ കുറിച്ച് അതു എന്തു പറയുന്നു? നിങ്ങൾ നിങ്ങളുടെ ജീവിതത്തിന് ഊർജ്ജം പകരുന്നതായി അതു പറയുന്നു. നിങ്ങളെ ചെറുതാക്കി കളയരുത്.

**ഉപ്പിന് ബഹുവിധമായ ഉപയോഗങ്ങളുണ്ട്**

ഉപ്പിന്റെ വിലയെ കുറിച്ച് ഇനിയും നമുക്കു കൂടുതലായി പറയുവാൻ കഴിയും. ഉദാഹരണത്തിന്, ഉപ്പിന് ദാഹം വരുത്തുവാൻ കഴിയും. "നിങ്ങൾക്ക്

ഒരു കുതിരയെ വെള്ളത്തിലേക്കു നയിക്കാം, എന്നാൽ ആ കുതിരയെ കുടിപ്പിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല"[9] എന്ന പ്രയോഗം നിങ്ങൾ ചിലപ്പോൾ കേട്ടിരിക്കാം. ആ പ്രസ്താവനക്ക് ഒരു അനുബന്ധം ആവശ്യമാണ്: "... എന്നാൽ അവനെ ഉപ്പ് തീറ്റിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞേക്കും." ഞാൻ ഒരു കുട്ടി ആയിരുന്നപ്പോൾ, മൃഗങ്ങളെ കാഴ്ച്ചക്കായി പ്രദർശിപ്പിക്കുമ്പോൾ അവിടെവെച്ചു ചിലപ്പോൾ അങ്ങനെ ചെയ്തിട്ടുണ്ട്. ഞാൻ പ്രദർശിപ്പിക്കുന്ന ഏതെങ്കിലും ഒരു മൃഗം ക്ഷീണിതനായി കണ്ടാൽ, അതിന്റെ വെള്ളത്തിൽ ഞാൻ ഉപ്പിടാറുണ്ട്. അങ്ങനെ ആ മൃഗത്തിന് കൂടുതൽ വെള്ളം കുടിച്ചു ക്ഷീണമില്ലാതെ നിൽക്കുവാൻ കഴിയുന്നു. അത് നമ്മിലും പ്രയോഗിക്കാം: ക്രിസ്ത്യാനികളെ പോലെ, നാം നയിക്കുന്ന ജീവിതത്താൽ നമുക്ക് ജീവജലത്തിന് ദാഹമുള്ളവർ ആയി തീരാം (യോഹന്നാൻ 4:10–15).

കൂടാതെ, യേശുവിന്റെ കാലത്ത് ഒരു ശുദ്ധീകരണ അടയാളമായിട്ടും ഉപ്പ് ഉപയോഗിച്ചിരുന്നു. കൂടാതെ, അത് യെഹൂദന്മാരുടെ യാഗങ്ങളോടും ചേർത്തിരുന്നു (ലേവ്യാപുസ്തകം 2:13). ക്രിസ്ത്യാനികളുടെ വിലയെ കുറിച്ചാണ് അവയെല്ലാം പറയുന്നത്.

**കേടുകൂടാതെ സൂക്ഷിക്കുന്നതായിരുന്നു ഉപ്പ്**

ബൈബിൾകാലത്തെ ഉപ്പിന്റെ ഏറ്റവും മുഖ്യമായ ഉപയോഗം, ഒരു പക്ഷെ കേടുകൂടാതെ സൂക്ഷിക്കുവാൻ അതുപയോഗിച്ചിരുന്നു എന്നതാകാം, അതാണ് അതിന് ഏറ്റവും വലിയ വില നല്കിയതും. അക്കാലത്ത്, പട്ടണത്തിൽ പോയി ഒരു ഫ്രിഡ്ജോ അല്ലെങ്കിൽ ഫ്രീസറോ വാങ്ങി ആഹാര പദാർത്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാൻ കഴിഞ്ഞിരുന്നില്ല. പുതിയ മാംസം പെട്ടെന്നു ചീഞ്ഞയാകും; അതാണ് മാംസത്തിന്റെ[10] സ്വഭാവം.

ഞാൻ വളർന്നപ്പോൾ, ഞങ്ങളുടെ കുടുംബം വാസ്തവത്തിലുള്ള ഒരു ഒഴിവുകാലയാത്ര നടത്തിയത് ഓർമ്മവരുന്നു. (ഞങ്ങൾ പലപ്പോഴും ബന്ധുക്കളെ സന്ദർശിച്ചിട്ടുണ്ട്, എന്നാൽ അതൊരു വെക്കേഷനായി ഞാൻ കണക്കാക്കിയിരുന്നില്ല.) ആ യാത്രക്കായി, ഞങ്ങൾ കാറിൽ കയറി കിഴക്കോട്ട് യാത്ര തിരിച്ചു, അർക്കൻസാസിലെ ചില ഭാഗങ്ങളിലൂടെയും ഓക്ലഹോമയുടെ കിഴക്കൻ പ്രദേശത്തുകൂടെയും യാത്ര ചെയ്തു. ഞങ്ങൾ പോയശേഷം, ഗ്യാസ് കമ്പനി ഗ്യാസ് ലൈനിൽ ജോലി ചെയ്യുവായി ഗ്യാസ് പ്രവർത്തനം നിർത്തിവെച്ചു – ഞങ്ങൾക്ക് ഗ്യാസിൽ പ്രവർത്തിക്കുന്ന ഒരു ഫ്രിഡ്ജായിരുന്നു ഉണ്ടായിരുന്നത്. ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ, ഞങ്ങളുടെ ഫ്രിഡ്ജിൽ ഉണ്ടായിരുന്ന മാംസമെല്ലാം ചീഞ്ഞയായി പോയി. ആ ഫ്രിഡ്ജിന്റെ നാറ്റം ഒഴിവാക്കുവാൻ എന്റെ അമ്മ ചെയ്യാവുന്നതെല്ലാം ചെയ്തു. അതിൽനിന്നുള്ള ദുർഗന്ധമെല്ലാം പോകുവാൻ ആ ഫ്രിഡ്ജിന്റെ വാതിൽ ആഴ്ച്ചകളോളം തുറന്നുവെച്ചു. ആ ഫ്രിഡ്ജ് ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്നകാലംവരെ, അതിന് ഒരു പ്രത്യേക, ദുർഗന്ധവും ഉണ്ടായിരുന്നു.

എന്റെ സ്നേഹിതന്മാരിൽ ഒരാൾക്ക് ഗാരി എന്നു പേരായ ഒരു ബാലൻ ഉണ്ടായിരുന്നു. അവൻ ഒരിക്കൽ, വീട്ടിൽ തനിച്ചായിരുന്നപ്പോൾ, ടൂണാ സാന്റ്വിച്ച് ഉണ്ടാക്കുവാൻ തീരുമാനിച്ചു. അവൻ ആ പാത്രം തുറന്നപ്പോൾ, അതു താഴെ വീണു, കാർപ്പെറ്റിലേക്ക് അതിനുള്ളിലുണ്ടായിരുന്ന ടൂണയും എണ്ണയും വീണ് ഒഴുകി. താൻ ചെയ്തത് അപ്പനും അമ്മയും അറിയരുത്

എന്നു ഗാരി തീരുമാനിച്ചു, അതുകൊണ്ട് അവൻ വാക്യൂം ക്ലീനർ എടുത്തു കൊണ്ട് അവിടെ വൃത്തിയാക്കുവാൻ തുടങ്ങി. പിന്നെ അവൻ ക്ലീനർ കൊണ്ടുപോയി തിരിച്ചുവെച്ചു. ദിവസങ്ങൾ കടന്നുപോയപ്പോൾ, എന്തോ ഒരു തുളച്ചുകയറുന്ന ഗന്ധം, വീടു നിറയുവാൻ തുടങ്ങി – അത് എവിടെനിന്നാണെന്നു അവസാനം കണ്ടുപിടിക്കുന്നതുവരെ ആ ഗന്ധം നിലനിന്നു.

മാംസം പെട്ടെന്നു ചീത്തയാകുമെന്നു പറഞ്ഞപ്പോൾ ഞാൻ എന്തിനെ കുറിച്ചാണ് പറയുന്നതെന്നു നിങ്ങൾക്കു മനസ്സിലായിക്കാണും. പ്രത്യേക രീതിയിൽ കേടുവരാതെ സൂക്ഷിച്ചില്ലെങ്കിൽ മാംസം നന്നായി ഇരിക്കുകയില്ല.

ബൈബിൾ കാലത്ത് മാംസം കേടുവരാതെ സൂക്ഷിക്കുവാൻ ആളുകൾ എന്താണ് ചെയ്തിരുന്നത്? അവർ അതിനെ ഉപ്പുതിരുമ്മി വെച്ചിരുന്നു. മീൻപിടുത്തക്കാർ മീൻ ഉപ്പിൽ പൊതിഞ്ഞ് സൂക്ഷിക്കും. അത് ഉപ്പിന്റെ രുചി ആളുകൾക്ക് അത്ര ഇഷ്ടമായതുകൊണ്ടല്ല; മറിച്ച്, തങ്ങളുടെ ആഹാര പദാർത്ഥം കേടുവരാതിരിക്കണമെന്നുള്ള[11] ഉദ്ദേശം കൊണ്ടാണ്. നിങ്ങളിൽ ചിലർ ബീഫോ പോർക്കോ[12] എന്തായാലും, അതു കേടുവരാതെ സൂക്ഷിക്കുവാൻ ഉപ്പുപയോഗിച്ച് എന്തെങ്കിലും ചെയ്തിരിക്കാം.

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" – ഉപ്പു കേടുകൂടാതെ സൂക്ഷിക്കുന്നു. അതു ഭൂമിയെ സംബന്ധിച്ച് എന്തു പറയുന്നു? ഈ ഭൂമി നശിക്കുന്നതും, കേടുവരുന്നതും, ഇല്ലാതാകുന്നതുമാണെന്നു അതു പറയുന്നു. ഇതാണ് ലോകത്തെ കുറിച്ചുള്ള നമ്മുടെ അടിസ്ഥാനപരമായ അറിവ്. അതെത്ര മനോഹരമായി കാണപ്പെട്ടാലും, അതു വാസ്തവത്തിൽ നമ്മുടെ കൺമുൻപിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ ലോകത്തെ മനോഹരമായി കാഴ്ച്ചയിൽ തോന്നുന്നു; എന്നാൽ നിങ്ങൾ അതിനെ ഒന്നടുത്ത് നോക്കിയാൽ, അതിൽ എല്ലാം പൊടിയും പെയിന്റുമാണ് ഉള്ളത്. ആ മനോഹരമായ വർണ്ണങ്ങൾക്കടിയിൽ മങ്ങിക്കൊണ്ടിരിക്കുന്ന, ചുളുക്കമുള്ള യാഥാർത്ഥ്യങ്ങളുണ്ട്.

ബൈബിൾ ഉപദേശത്തിന്റെ പരിമിതമായ ജ്ഞാനത്താൽ പോലും ഏതൊരാൾക്കും സ്പഷ്ടമായി കാണാവുന്ന സത്യമാണ് അത്. വിശദാംശങ്ങൾ അനാവശ്യമാണ്.[13] ലോകത്തിന്റെ ധാർമ്മിക നിലവാരം കുറഞ്ഞുവരുന്നതും, ആത്മാർത്ഥതയും സത്യസന്ധതയും കുറഞ്ഞുവരുന്നതും, ആത്മീയ കാര്യങ്ങളിൽ താൽപര്യമില്ലായ്മയും നിങ്ങൾക്ക് കാണാം. പുറംമോടി നോക്കാതെ ഉള്ളിലേക്കു നോക്കുന്ന ഒരാളെ ലോകത്തിലുള്ള യാതൊന്നിനും ആകർഷിക്കുവാൻ കഴിയുകയില്ല.

അതിൽനിന്ന് വ്യത്യസ്തമായി, ക്രിസ്ത്യാനികളെ സംബന്ധിച്ച് ഇത് എന്തു പറയുന്നു? അതു പറയുന്നതു ക്രിസ്ത്യാനികൾ ഭൂമിയെ ഭദ്രമായി സൂക്ഷിക്കുന്ന ശക്തിയാണ് എന്നത്രെ.

എന്റെ ആയുസ്സിൽ, ഭൂമിയുടെ പ്രത്യാശയും രക്ഷയും ആയിതീർന്ന പല ഘടകങ്ങൾ ഞാൻ കണ്ടിട്ടുണ്ട്: ശാസ്ത്രം, വിദ്യാഭ്യാസം, മനശാസ്ത്രവും മാനസികരോഗചികിത്സയും, സാങ്കേതികവിജ്ഞാനം, നല്ല ജീവിത സാഹചര്യങ്ങൾ, നിയമം, സാമൂഹ്യ നവോത്ഥാനം, സൈന്യശക്തി എന്നിവയാണ്. ഇവയിലെല്ലാം മനുഷ്യൻ പുരോഗതി നേടിയിട്ടുണ്ട് – ചിലതിൽ സുപ്രധാന പുരോഗതിയും കൈവരിച്ചിട്ടുണ്ട് – എങ്കിലും ലോകം മോശമായിക്കൊണ്ടിരിക്കുന്നു എന്നു തോന്നുന്നു. ലോകത്തിനുള്ള ഏക പ്രത്യാശ വിശ്വസ്ത ക്രിസ്ത്യാനികൾ ആണെന്ന് യേശു പറഞ്ഞു.

വലിയൊരു ഭാഗം മാംസം കേടുവരാതെ സൂക്ഷിക്കുവാൻ കുറച്ചു ഉപ്പിനു

കഴിയുന്നതുപോലെ, സമർപ്പിതരായ ഏതാനും ക്രിസ്ത്യാനികളാൽ സമൂഹത്തെ ഭദ്രമായി സൂക്ഷിക്കാൻ കഴിയും. അബ്രഹാമിനെ കുറിച്ചും സോദോമിന്റെയും ഗൊമോറയുടെയും നാശത്തെ കുറിച്ചും ഉള്ള സംഭവം നിങ്ങൾ ഓർക്കുന്നുണ്ടോ (ഉൽപത്തി 18)? പത്ത് – ചുരുങ്ങിയതു പത്ത് പേർ – നീതിമാന്മാരായി ഉണ്ടെങ്കിൽ ആ പട്ടണങ്ങളെ സംരക്ഷിക്കുമായിരുന്നു (വാ. 32). സോദോമിലേയും ഗൊമോറയിലേയും വ്യാപാരസംഘടനയിലേക്ക്[14] ആരെങ്കിലും കടന്നുചെന്നു ഇങ്ങനെ പറയുന്നതായി സങ്കല്പിക്കുക, "നിങ്ങൾ നേടിയ അധികവും വളരെ പ്രശംസനീയമാണ്; എന്നാൽ നിങ്ങളുടെ ഈ വലിയ പട്ടണങ്ങൾ ഇനിയും നിലനിന്നു കാണണമെങ്കിൽ, പണ്ടത്തെ അബ്രഹാമിനെപോലെ ആ കുന്നുകളിൽ പത്ത് നീതിമാന്മാർ കാണേണ്ടിയിരിക്കുന്നു." അവർ അതിനോടു എങ്ങനെ പ്രതികരിച്ചിരിക്കും? അവരുടെ മനോഭാവമെന്തായിരുന്നാലും, അബ്രഹാമിനെ പോലെ ഉള്ള പത്തു നീതിമാന്മാർ അവിടെ ഉണ്ടായിരുന്നുവെങ്കിൽ ആ പട്ടണങ്ങളെ സംര*ക്ഷിക്കുമായിരുന്നു.*

നമുക്ക് നിന്ന് ഒരു വ്യത്യാസം നോക്കാം. വെളിച്ചം (അതിനെ കുറിച്ച് നാം നമ്മുടെ അടുത്ത പാഠത്തിൽ പഠിക്കും) അതു *ചെയ്യുന്നതി*നാൽ സ്വാധീനിക്കപ്പെടും, എന്നാൽ ഉപ്പ് അതെ*ന്താണ്* എന്നതിനാൽ സ്വാധീനിക്കുന്നു. ഞാൻ വിവരിച്ചുകൊണ്ടിരുന്ന കേടുവരാതെ സൂക്ഷിക്കുന്ന സ്വഭാവത്തെ ഒരുപക്ഷെ ചെറിയ തോതിൽ എങ്കിലും നിങ്ങൾ കണ്ടിരിക്കാം. നിങ്ങൾ വിശ്വസ്തനായ ഒരു ദൈവപൈതൽ ആണെന്നു ഞാൻ പറയട്ടെ (നിങ്ങൾ അങ്ങനെയാണെന്നും ഞാൻ കരുതുന്നു). നിങ്ങൾ ക്രിസ്ത്യാനിത്വത്തെ ആഡംബരമാക്കുകയില്ല, എന്നാൽ ആളുകൾക്ക് നിങ്ങൾ ആരാണെന്നും നിങ്ങൾ എന്തിനുവേണ്ടിയാണ് ജീവിക്കുന്നതെന്നും അറിയാം. നിങ്ങൾ ഒരു മുറിയിലേക്കു നടക്കുമ്പോൾ, ഭാഷയും തമാശകളും ഒഴിവാക്കുന്നതു സാധാരണമാണ്. ആളുകൾ നിങ്ങളെ ലജ്ജിപ്പിക്കുവാൻ ശ്രമിക്കും: "ഞങ്ങൾക്ക് അതു പറയുവാൻ സാധ്യമല്ല. അവന്റെ–പേരിലുള്ളതതെല്ലാം ഇവിടെയുണ്ട്!" നിങ്ങളുടെ സാന്നിദ്ധ്യം – നിങ്ങളുടെ സാന്നിദ്ധ്യത്തിന്റെ *വസ്തുത* മാത്രമാണ് – വ്യത്യാസം ജനിപ്പിക്കുന്നത്. ഉപ്പ് അതെ*ന്താണ്* എന്നതിനാൽ സ്വാധീനിക്കുന്നു.

ലോകം "സാധാരണക്കാർ" എന്നു കണക്കാക്കുന്ന ആളുകളോടായിരുന്നു യേശു ഇതു പറഞ്ഞത് എന്നു വീണ്ടും, ഞാൻ പറയട്ടെ. മൂലഭാഷയിൽ, "നിങ്ങൾ" എന്ന വാക്ക് ഊന്നി പറഞ്ഞിട്ടുണ്ട്:[15] യേശു പറഞ്ഞു, "*നിങ്ങൾ* ഭൂമിയുടെ ഉപ്പാകുന്നു." അവന്റെ പ്രസ്താവനയിൽ ഉൾപ്പെടുത്തലും ഒഴിവാക്കലും അടങ്ങിയിട്ടുണ്ട്: അതിൽ അവരുടെ അനുയായികളെല്ലാം ഉൾപ്പെടുന്നുണ്ട് എന്നാൽ അവന്റെ അനുയായികൾ അല്ലാത്ത മറ്റുള്ളവരെ എല്ലാവരെയും ഒഴിവാക്കിയിട്ടുമുണ്ട്. യേശു അത് അന്നത്തെ മതപരമായ, സാമ്പത്തികമായ, സാമൂഹ്യപരമായ, അല്ലെങ്കിൽ രാഷ്ട്രീയപരമായ നേതാക്കന്മാരോടായിരുന്നില്ല പറഞ്ഞത്, മറിച്ച് "സാധാരണക്കാരായ" അവനെ പിൻപറ്റുവാൻ മനസ്സുള്ള ഭൂമിയുടെ–ഉപ്പ്–ആയിരുന്നവരോടായിരുന്നു പറഞ്ഞത് എന്ന് ഓർക്കുക.

നിങ്ങൾ നിങ്ങളെത്തന്നെ ചെറുതാക്കി കളയരുത്. നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, നിങ്ങൾ പ്രത്യേകതയുള്ളവനാണ് – വളരെ പ്രത്യേകത ഉള്ളയാൾ!

## ഒരു വെല്ലുവിളി

"നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു," എന്നു യേശു പറഞ്ഞപ്പോൾ, അതു ഒരു പ്രശംസ മാത്രമായിരുന്നില്ല, ഒരു വെല്ലുവിളി കൂടെ ആയിരുന്നു. ഉപ്പിന് വിലയും കേടുവരാതെ സൂക്ഷിക്കുവാനുള്ള കഴിവുമുണ്ട് *കാരണം അതിനു പ്രത്യേക ഗുണമുണ്ട്.* ക്രിസ്ത്യാനികൾ എന്ന രീതിയിൽ, നമുക്കും, ആവശ്യം, ഒരു പ്രത്യേക ഗുണമാണ്. ആ ഗുണത്തെ പ്രകടിപ്പിക്കുന്ന മറ്റൊരു രീതി നാം ലോകത്തിൽ നിന്നു *വ്യത്യസ്തരാ*യിരിക്കണം എന്നു പറയുന്നതാണ്.

> ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്ന്, മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ ... (റോമർ 12:2).

> ... ലോക സ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നു (യോഹന്നാൻ 4:4).

> ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവനിൽ പിതാവിന്റെ സ്നേഹമില്ല (1 യോഹന്നാൻ 2:15).

ഉപ്പിന് മാംസത്തിന്റെ അതേ ഘടനയായിരുന്നുവെങ്കിൽ, അതിന് മാംസത്തെ കേടുവരാതെ സൂക്ഷിക്കുവാൻ കഴിയുമായിരുന്നില്ല. നാം ലോകത്തെ പോലെ ആണെങ്കിൽ, നമ്മിൽ സംരക്ഷിക്കുന്ന ഗുണമുണ്ടാവുകയില്ല. അതിനർത്ഥം നാം ഒറ്റപ്പെട്ടിരിക്കണമെന്നല്ല,[16] എന്നാൽ നാം വ്യത്യസ്തരായിരിക്കണമെന്നാണ് അതു പറയുന്നത്.

നാം ചെയ്യുന്നതിനാലും, നാം സംസാരിക്കുന്നതിനാലും, നാം ചർച്ചചെയ്യുന്ന വിഷയങ്ങളാലും, നാം ധരിക്കുന്ന വസ്ത്രത്താലും, വിഷമസന്ധികൾ നേരിടുന്ന രീതിയാലും – നാം ക്രിസ്ത്യാനികൾ ആണെന്നു ആളുകൾക്ക് നമ്മെ നോക്കി കാണാൻ കഴിയുന്നുണ്ടോ? നാം കുടുംബാംഗങ്ങളോട് എങ്ങനെ ഇടപെടുന്നു, നാം കച്ചവടക്കാരോടു എങ്ങനെ ഇടപെടുന്നു, നാം കളിക്കാരോടു എങ്ങനെ ഇടപെടുന്നു എന്നതെല്ലാം ക്രിസ്ത്യാനിയായി തീർന്ന ഒരാളെ ബാധിക്കുന്നവയാണ്.

യേശു പറഞ്ഞത് "നിങ്ങൾ *സഭയുടെ* ഉപ്പ് ആകുന്നു" എന്നല്ല, മറിച്ച് "നിങ്ങൾ *ഭൂമിയുടെ* ഉപ്പ് ആകുന്നു" എന്നാണെന്നു ശ്രദ്ധിക്കുക. രേഖകൾ സൂചിപ്പിക്കുന്നത് സഭാപ്രവർത്തികൾ എല്ലാം നടത്തുന്നത് സഭാ മന്ദിരങ്ങളിൽ വെച്ചാണ് എന്നാണ്. നാം മറ്റുള്ള ആളുകൾ ഉള്ള സ്ഥലങ്ങളിലാണ് "ഉപ്പ്" ആകേണ്ടത്: ചന്ത സ്ഥലങ്ങളിൽ, സ്കൂൾ മുറിയിൽ, ഓഫീസിൽ. യേശു പാപികളുടെ സ്നേഹിതൻ ആയിരുന്നു (മത്തായി 11:19). മറ്റുള്ളവർക്ക് ക്രിയാത്മകസ്വാധീനമായി തീരാവുന്ന സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ക്രിസ്ത്യാനികളോടു അഭ്യർത്ഥിക്കുന്ന ഒരു പുസ്തകമാണ്, *ഔട്ട് ഓഫ് ദ സാൾട്ട് ഷേക്കർ & ഇൻടു ദ വേൾഡ്*[17] എന്നത്.

നിങ്ങൾ എവിടെ പോയാലും, എവിടെയായാലും, നിങ്ങളോടു കല്പിച്ചിരിക്കുന്നത് ദൈവത്തിന്റെ സൂക്ഷിക്കുന്ന ശക്തിയായി തീരുവാനാണ്. നിങ്ങൾ ഒരുപക്ഷെ സ്ഥലങ്ങളും, വീടുകളും സന്ദർശിച്ച്, ഒരു ദൈവപൈതലിന് അനുയോജ്യമായ ബന്ധം സ്ഥാപിച്ചിരിക്കാം. അതാണ് നിങ്ങൾക്കുള്ള ദൈവത്തിന്റെ പ്രത്യേക സ്ഥാനം, നിങ്ങളുടെ പ്രത്യേക സ്വാധീന സ്ഥാനം. "ഭൂമിയുടെ ഉപ്പ്" ആയി തീരുന്ന വെല്ലുവിളി ഒരിക്കലും മറക്കരുത്.

വാക്യം 13–ന്റെ അവസാന ഭാഗത്ത്, ഈ വെല്ലുവിളിയുടെ ഗൗരവത്തെ യേശു ഊന്നി പറഞ്ഞിരിക്കുന്നു: "... എന്നാൽ ഉപ്പിനു കാരമില്ലാതെ പോയാൽ, അതിന്ന് എന്തോന്നുകൊണ്ടു രസം വരുത്താം? പുറത്തുകളഞ്ഞിട്ട് മനുഷ്യൻ ചവിട്ടുവാനല്ലാതെ, മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല." കെജെവിയിൽ ഉപ്പിന്റെ "രസം" നഷ്ടമാകുന്നതിനെ കുറിച്ചു പറഞ്ഞിരിക്കുന്നു. എൻഐവി യിൽ "ഉപ്പിന് അതിന്റെ കാരം ഇല്ലാതായാൽ, പിന്നെ അതിനെ എങ്ങനെ വീണ്ടും ഉപ്പിന്റെ രസം വരുത്താൻ കഴിയും?" എന്നാണ്.

ഉപ്പിന്റെ രുചിയും കാരവും നഷ്ടമാകുന്നതെങ്ങനെയെന്നു മനസ്സിലാക്കുവാൻ നമ്മിൽ പലർക്കും ബുദ്ധിമുട്ടുണ്ട്, കാരണം നാം വാങ്ങുന്നത് പാക്കറ്റിലുള്ള വെളുത്ത ശുദ്ധമായ ഉപ്പാണ്. ആ ഉപ്പിന് എല്ലായ്പ്പോഴും ഉപ്പിന്റെ രുചി തന്നെ ആയിരിക്കും. അതിന്റെ ഒരു തരി മാത്രം അവശേഷിച്ചാലും, അതു ഉപ്പുതന്നെ ആയിരിക്കും. ബൈബിൾ കാലത്തെ ഉപ്പ്, എങ്ങനെയായാലും, കടൽവെള്ളം വറ്റിച്ചുണ്ടാക്കുന്നതായിരുന്നു. ആ ഉപ്പിൽ പ്രകൃതിയിൽ നിന്നുള്ള അഴുക്കുകൾ ചേർന്നിരുന്നു. മണ്ണിൽനിന്ന് വെട്ടിയെടുക്കുന്ന ഉപ്പാണെങ്കിൽ, ഉപ്പിനോടുകൂടി മണ്ണോ മണലോ കലർന്നിരുന്നു. അതിൽനിന്നുള്ള ഉപ്പ് അന്തരീക്ഷത്തിലെ മൂലകകളിലേക്ക് തുറന്നുവെച്ചാൽ, സോഡിയം ക്ലോറൈഡിൽ[18] അധികവും വാർന്നുപോകുന്നു. അവശേഷിക്കുന്ന പദാർത്ഥം ഭൂമിയിൽ ഉൽപാദകശേഷി ഇല്ലാതാക്കുവാൻ കഴിവുള്ള ഉപ്പാണ്, എന്നാൽ മതിയായ വില അതിനില്ല. ആ "ഉപ്പ്" പ്രത്യേക ഗുണം നഷ്ടപ്പെട്ടതായിരിക്കും.

പാലസ്തീനിന്റെ ഭൂമിയിൽ നല്ല സ്ഥലത്തിന് നല്ല വിലയുണ്ടായിരുന്നു. അതിലെ ലഭ്യമായ ഓരോ ഇഞ്ചുസ്ഥലവും വിളവുൽപാദനത്തിന് ഉപയോഗിച്ചിരുന്നു. വയലുകളെ തമ്മിൽ വേർതിരിച്ചിരുന്നത് കൃഷിക്കാർ നടക്കുവാൻ ഉപയോഗിച്ച ഇടുങ്ങിയ വഴികളാൽ ആയിരുന്നു. ആളുകൾ "കാരം നഷ്ടപ്പെട്ട ഉപ്പ്" വയലിൽ എറിയുമായിരുന്നില്ല, കാരണം അത് മണ്ണിന്റെ ഉൽപാദനശേഷിയെ നശിപ്പിക്കും. (വീട്ടിൽ ഐസ്ക്രീം തണുപ്പിക്കുവാൻ ഉപയോഗിച്ചതിനുശേഷം ഉപ്പുള്ള ഐസും വെള്ളവും പാടത്ത് കളഞ്ഞപ്പോൾ ഞാൻ ആ പാഠം പ്രയാസമുള്ള രീതിയിൽ മനസ്സിലാക്കി.) പകരം, അവർ കാരമില്ലാത്ത ഉപ്പ് വഴികളിലാണ് എറിയുന്നത്, അവിടെ ഒരു നാശവും അതു വരുത്തുകയില്ല. അവിടെ അത് "മനുഷ്യർ ചവിട്ടി കളയുന്നു."

താൻ "ഭൂമിയുടെ ഉപ്പാകുന്നു" എന്ന ശക്തിയെ തിരിച്ചറിയുവാൻ ശ്രമിക്കാത്ത ഒരു ക്രിസ്ത്യാനിയെ ഖേദകരമായി യേശു വിമർശിക്കുന്നതിന്റെ ചിത്രീകരണമാണ് ഇത്. അത്തരം വ്യക്തി "ഒന്നിനും കൊള്ളാത്തവൻ" ആണ് എന്നായിരുന്നു അവന്റെ കഠിനമായ അഭിപ്രായം.

## ഉപസംഹാരം

ഉപ്പും വെളിച്ചവും: വിലയുള്ള പാഠങ്ങളെ പഠിപ്പിക്കുവാൻ യേശു ഉപയോഗിച്ച സാധാരണ വസ്തുക്കളായിരുന്നു അവ. അടുത്ത പ്രസംഗത്തിൽ "വെളിച്ചം" ആയി തീരുന്നതിനെ കുറിച്ചു നാം പഠിക്കും; ഒരു നിമിഷത്തേക്ക്, "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" എന്ന വാക്കുകൾ എല്ലാവർക്കും ഇഷ്ടപ്പെട്ടുകാണുമെന്നു ഞാൻ വിശ്വസിക്കുന്നു. യേശു ആ വാക്കുകൾ പറഞ്ഞപ്പോൾ നമുക്കു അവനിൽനിന്ന് ലഭിച്ച വലിയ അനുമോദനമായിരുന്നു അത്. നാം കർത്താവിന്നു പ്രത്യേകതയുള്ളവരാണ്; നമുക്ക് വിലയുണ്ട്. നാം ഒരിക്കലും നമ്മുടെ വില കുറച്ചു കാണിക്കരുത്.

അവൻ നമുക്ക് ഒരു വലിയ വെല്ലുവിളിയും നൽകിയിട്ടുണ്ട്. ഒരാൾക്കെതിരായി അയാളെ കുറിച്ച് "ഒന്നിനും കൊള്ളാത്തവൻ" എന്നു പറയുന്നതിനേക്കാൾ പരിഹാസ്യമായ മറ്റൊന്നില്ല. ആത്മീയമായി ഞാൻ ഒരിക്കലും ''ഒന്നിനും കൊള്ളാത്തവൻ'' ആകുവാൻ ആഗ്രഹിക്കുന്നില്ല, നിങ്ങളോ? നമുക്കു വ്യത്യസ്തമായ ജീവിതമുള്ളവരായി തീരാം, ലോകത്തിൽ നിന്നു വ്യത്യാസമുള്ളവരായി തീരാം. ദൈവം നമ്മെ എല്ലാവരെയും "ഭൂമിയുടെ ഉപ്പ് ആകുവാൻ" സഹായിക്കും![19]

---

കുറിപ്പുകൾ

[1]"വിലകുറക്കുക" എന്നാൽ അതിനു യോഗ്യമായതിനെക്കാൾ വിലകുറഞ്ഞഒന്നിനായി എന്തെങ്കിലും കൊടുക്കുക എന്നർത്ഥം (സാധാരണ വളരെ വിലകുറച്ച്). ഒരാൾ "തന്നെ വിലകുറച്ചു വിൽക്കുമ്പോൾ," അയാൾ തന്റെ യഥാർത്ഥ വില തിരിച്ചറിയുന്നില്ല. "ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരുവാൻ" ഒരു ക്രിസ്ത്യാനി തുനിയരുത് (റോമർ 12:3). അതേ സമയം, അവൻ വിലയില്ലാത്തവൻ എന്നു കരുതുകയുമരുത്. നമ്മുടെ വില നമ്മുടെ വ്യക്തിപരമായ മൂല്യത്തിൽ നിന്നു വരുന്ന വിലയല്ല, എന്നാൽ അത് *ദൈവം* നമ്മിൽ വെച്ചിരിക്കുന്നതിൽ നിന്നു വരുന്ന വിലയാണ്. നിങ്ങൾ ജീവിക്കുന്ന സ്ഥലത്ത് "വിലകുറച്ചു വിൽക്കുക" എന്ന പ്രയോഗമില്ലെങ്കിൽ, അതേ അർത്ഥമുള്ള നിങ്ങളുടെ കേൾവിക്കാർക്ക് സുപരിചിതമായ പ്രയോഗം ഉപയോഗിക്കാം. [2]രക്തപ്രവാഹം അടിസ്ഥാനപരമായ ഒരു ഉപ്പു ലായനിയാണ്. അമേരിക്കയിൽ, ചില രോഗികളോട് രോഗം നിമിത്തം ഉപ്പ് കഴിക്കരുത് എന്നു പറയും. എങ്ങനെയായാലും, "ഉപ്പ്–ഇല്ലാത്ത" തായി അറിയപ്പെടുന്ന ഭക്ഷണക്രമത്തിലും കുറെയൊക്കെ ഉപ്പുകാണും. [3]ഒരു നിയമമായി, ഈ പരമ്പരയിൽ ഓരോ പാഠത്തെയും ബന്ധപ്പെടുത്തി ഓരോ പ്രസംഗം ഞാൻ തയ്യാറാക്കിയിട്ടുണ്ട്, എന്നാൽ ചിലതിൽ രണ്ടെണ്ണവും ഉണ്ടാകാം. ഒന്നു ഞായറാഴ്ച്ച രാവിലെയും മറ്റൊന്നു ഞായറാഴ്ച്ച വൈകുന്നേരം അല്ലെങ്കിൽ മറ്റൊരു ഇടവകയിൽ ഒത്തുകൂടുമ്പോൾ പ്രസംഗത്തിനായും ഉപയോഗിക്കാം. [4]ഈ അഭിനന്ദന പ്രയോഗം സ്വയമായി–വിവരിക്കാവുന്നതാണ്. നിങ്ങളുടെ പ്രദേശത്തുള്ള ആളുകൾ ആ പ്രയോഗം ഉപയോഗിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഇങ്ങനെ വിശദീകരിക്കാം, "ലോകത്തിൽ ചില ഭാഗത്ത്, ആർക്കെങ്കിലും നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല അഭിനന്ദനവാക്കുകളാണ്, 'അവൻ ഭൂമിയുടെ ഉപ്പാകുന്നു" എന്നു പറയുന്നത്." [5]ഈ പ്രയോഗം നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് ഉപയോഗിക്കുന്നില്ലെങ്കിൽ, "അവൻ ഭൂമിയുടെ ഉപ്പാകുന്നു" എന്ന പ്രയോഗത്തെ പോലെ തന്നെ അതു ഉപയോഗിക്കാം. (ഇതിനു മുൻപിലത്തെ കുറിപ്പു നോക്കുക.) [6]ഇയ്യോബ് പറഞ്ഞത് അവന്റെ "സ്നേഹിതന്മാരുടെ" "ആശ്വാസം" ഉപ്പില്ലാത്ത ആഹാരം പോലെയായിരുന്നു

വെന്നാണ്. ഉപ്പ് രുചി പകരുന്നു എന്നു കാണിക്കുന്ന മറ്റൊരു വേദഭാഗമാണ് കൊലൊസ്യർ 4:6, അവിടെ പറയുന്നു നമ്മുടെ സംസാരം "ഉപ്പിനാൽ രുചിവരുത്തിയതായിരിക്കണം" എന്നാണ്. നമ്മുടെ സംസാരം മറ്റുള്ളവർക്കു പ്രയോജനപ്പെടുന്നതാകുവാൻ ശ്രമിക്കണം. [7]ഏ. സി. ഡിക്സൺ, ഉദ്ധരിച്ചിരിക്കുന്നത് ലെസ്ലി ജി. തോമസ്, *ദ സെർമൺ ഓൺ ദ മൗണ്ട്: ഏ സീരീസ് ഓഫ് സ്റ്റഡീസ് ഇൻ ദ മോറൽ ആന്റ് റിലീജിയസ് ടീച്ചിങ് ഓഫ് ജീസസ്* (നാഷ്‌വില്ലേ: ഗോസ്പെൽ അഡ്വക്കേറ്റ് കമ്പനി., 1958), 22. [8]നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് "ഫ്ളാറ്റ്" എന്ന വാക്ക് "ടേസ്റ്റ്ലെസ്," എന്ന് അർത്ഥമാക്കുമെങ്കിൽ നിങ്ങൾക്കുപറയാം "എൻഡ്സ് അപ്പ് ഫ്ളാറ്റ്." [9]ഈ പ്രയോഗത്തിന്റെ അർത്ഥം "ഒരാൾക്കിഷ്ടമില്ലാത്തത് നിർബന്ധിച്ചു ചെയ്യിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല" എന്നാണ്. [10] മാംസം ചീത്തയായിതീർന്ന വ്യക്തിപരമായ അനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടെങ്കിൽ, അതു നിങ്ങളുടെ സദസ്യരോട് പങ്കിടാം.

[11]മാംസം മറ്റൊരു രീതിയിൽ കേടുവരാതെ സൂക്ഷിച്ചിരുന്നത് ഉണക്കിയാണ്. ചില സന്ദർഭത്തിൽ – ഉണക്കിയ മാംസം മാംസമില്ലാതിരിക്കുന്നതിനെക്കാൾ നല്ലതാണ്. [12]അമേരിക്കയിലെ ചില ഭാഗത്തും മറ്റു പ്രദേശങ്ങളിലും, ഇപ്പോഴും ഇത് ഒരു പൊതുവായ പരിശീലനമാണ്. [13]എന്നിരുന്നാലും, ലോകത്തിൽ നിങ്ങൾ താമസിക്കുന്ന ഭാഗത്തെ കുറിച്ചുള്ള വിവരങ്ങൾ നിങ്ങൾക്കു *വേണ*മെങ്കിൽ നൽകാം: ലോകത്തിൽ നിങ്ങൾക്കുചുറ്റും അഭക്തി വർദ്ധിച്ചുവരുന്നതിനെ കുറിച്ചുള്ള വിവരങ്ങൾ. [14]അമേരിക്കയിൽ, മിക്ക പട്ടണങ്ങളിലും വ്യവസായ കേന്ദ്രം കാണും, അത് ആ പ്രദേശത്തുള്ള വ്യാപാരികളും മറ്റു സ്വാധീനമുള്ള വ്യക്തികളും ഉൾക്കൊള്ളുന്ന സംഘടനയാണ്. അത് ഒരു ഭരണ സംവിധാനമല്ലെങ്കിലും, ആ പ്രദേശത്തെ വളർച്ചക്കും സമൃദ്ധിക്കും അത് സഹായകരമാകുന്നുണ്ട്. [15]എല്ലാ ഗ്രീക്ക് ക്രിയകളുടെയും കാര്യത്തിൽ എന്ന പോലെ, മത്തായി 5:13–ൽ പറഞ്ഞിരിക്കുന്ന "ആർ" എന്ന ക്രിയയിൽ അന്തർലീനമായ വിഷയം ഉൾക്കൊണ്ടിരിക്കുന്നു (ഈ കാര്യത്തിൽ, "നീ"). ആ വാചകത്തിന്റെ ആരംഭത്തിൽ "നീ" എന്നതിനുള്ള ഗ്രീക്ക് വാക്ക് *ചേർത്തത്* ആ വാക്കിന് ഊന്നൽ കൊടുത്തിരിക്കുന്നതായി കാണിക്കുന്നു. [16]വേണമെങ്കിൽ, നിങ്ങളുടെ സമൂഹത്തിന്റെ ചില ഭാഗത്തു കാണുന്ന മോശമായ സ്വഭാവം/അല്ലെങ്കിൽ വസ്ത്രധാരണം ഉദാഹരണമായി ഉപയോഗിക്കാം. ഒരിക്കൽ ഞാൻ ഈ പാഠം പ്രസംഗിച്ച സമയത്ത്, അന്ന് ആളുകൾ മുടിക്ക് പച്ച–നിറം കൊടുക്കുന്ന ഒരു ഫാഷൻ ഉണ്ടായിരുന്നു; എന്റെ ശ്രോതാക്കളിൽ പലരും റ്റിവിയിൽ അതു കണ്ടിട്ടുണ്ട്. ഞാൻ പറഞ്ഞു, "അതിനർത്ഥം നമുക്ക് പച്ച–നിറമുള്ള മുടി വേണമെന്നല്ല; നാം വ്യത്യാസമുള്ളവരാകണം എന്നാണ് അതു അർത്ഥമാക്കുന്നത്." [17]റബേക്കാ മാൻലേ പിപ്പെർട്ട്, *ഔട്ട് ഓഫ് ദ സാൾട്ട് ഷേക്കർ & ഇൻടു ദ വേൾഡ്* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റെർവാർസിറ്റി പ്രെസ്, 1979). [18]സോഡിയം ക്ലോറൈഡ് എന്നത് സാധാരണ ഉപ്പിന്റെ ശാസ്ത്രീയനാമമാണ്. [19]നിങ്ങൾ ഈ പ്രസംഗം ഉപയോഗിക്കുമ്പോൾ, ശരിയായ സ്വാധീനം ചെലുത്തത്തക്ക രീതിയിൽ ആവശ്യമായതെല്ലാം ചെയ്യുവാൻ നിങ്ങൾക്ക് ശ്രോതാക്കളെ പ്രോത്സാഹിപ്പിക്കാം. ചിലർക്ക് ഏതുവിധത്തിലും വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്ത് ക്രിസ്ത്യാനികൾ ആകണം (മർക്കൊസ് 16:16). മാനസാന്തരം, ഏറ്റുപറച്ചിൽ, പ്രാർത്ഥന എന്നിവയിലൂടെ അവിശ്വസ്തരായ ക്രിസ്ത്യാനികൾ വിശ്വസ്തരായി തീരണം (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16).